## പത്രക്കുറിപ്പ്

# ഓണത്തിരക്ക് : കോവിഡ് സുരക്ഷാപരിശോധന ശക്തമാക്കി പോലീസ് ; കൂടുതൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചു

### വിലക്ക് ലംഘനം: 29 പേർക്കെതിരെ കേസ്.
### മാസ്ക് ധരിക്കാത്ത 205 പേർക്കെതിരെയും സാമൂഹിക അകലം പാലിക്കാത്ത 20 പേർക്കെതിരെയും നടപടി.
### 45,000/- രൂപ പിഴ ഈടാക്കി.

തിരുവനന്തപുരം:- ഓണത്തോടനുബന്ധിച്ച് നഗരത്തിൽ തിരക്കു വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ രോഗ വ്യാപനം തടയുന്നതിനായി വ്യാപാര സ്ഥാപനങ്ങളിലും പൊതു സ്ഥലങ്ങളിലും സുരക്ഷാ പരിശോധന ശക്തമാക്കിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. ഇതിന്റെ ഭാഗമായി സിറ്റി പോലീസ് ഇന്നലെ (28-08-2020) നടത്തിയ പരിശോധനയിൽ തലസ്ഥാനത്ത് വിലക്ക് ലംഘനം നടത്തിയ 29 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ് പ്രകാരം കേസെടുത്തു. മാസ്ക് ധരിക്കാത്ത 205 പേരിൽ നിന്നും, സാമൂഹിക അകലം പാലിക്കാത്ത 20 പേരിൽ നിന്നുമായി 45,000/- രൂപ പിഴ ഈടാക്കുകയും ചെയ്തു. അതേസമയം നഗരത്തിലെ കണ്ടയിൻമെന്റ് സോണുകളിൽ അതിർത്തി അടച്ചുള്ള കർശന പരിശോധനയും ക്വാറന്റൈനിൽ കഴിയുന്നവരെ നിരീക്ഷിക്കുന്ന പ്രവർത്തനങ്ങളും ശക്തമായി തുടരുന്നതായും കമ്മീഷണർ അറിയിച്ചു.